ലേഖനം/
എഫ്.എം ഹനീഫ്

# ഇരുട്ടും വെളിച്ചവും

"**ജീവനില്ലാതിരുന്ന** ശേഷം നാം ജീവൻ നൽകുകയും നാം ഒരു പ്രകാശം നൽകി അതിലൂടെ ജനമധ്യത്തിൽ സഞ്ചരിക്കുകയും ചെയ്യുന്ന ഒരുവൻ, ഒരിക്കലും പുറത്തു കടക്കാനാവാത്ത വിധം അന്ധകാരങ്ങളിൽ കഴിഞ്ഞുകൂടുന്ന ഒരുവനെപ്പോലെയാകുമോ! അവിശ്വാസികൾക്ക് അവരുടെ ചെയ്തികൾ അപ്രകാരം ഭംഗിയുള്ളതായി കാണിക്കപ്പെട്ടിരിക്കുന്നു" (ഖുർആൻ: 6:122). അജ്ഞതയും അബോധവും അയാഥാർഥ്യവുമൊക്കെയാണ് ഇവിടെ നിർജീവാവസ്ഥകൊണ്ട് വിവക്ഷിച്ചിട്ടുള്ളത്. ശരിയും തെറ്റും തിരിച്ചറിയാതെ ഇരുട്ടിന്റെ ഇടനാഴികളിലൂടെയുള്ള സഞ്ചാരം. ശരിയായ സഞ്ചാരപഥവും യഥാർഥ ജ്ഞാനത്തിന്റെ ഉൾക്കാമ്പും അകമറിഞ്ഞ് അറിയാതെ അരങ്ങിൽ വീമ്പിളക്കി വിരാചിച്ചുകൊണ്ടിരിക്കുന്ന സ്ഥിതി. ഇത്തരം അന്ധതയിൽ പെട്ടുപോയവൻ, ജീവിച്ചിരിപ്പുള്ളവനാണെന്ന് പ്രകൃതിശാസ്ത്രം വിധിക്കുമെങ്കിലും യഥാർഥത്തിൽ അവന് മനുഷ്യത്വ വിശേഷണത്തോടുകൂടിയ ഒരു ജീവിതം കൈവന്നിട്ടില്ല. അവൻ ജീവിക്കുന്ന ജന്തുവാണെങ്കിലും ജീവിക്കുന്ന മനുഷ്യനല്ല. അവനെ ഇരുകാലി മൃഗമെന്ന് ഓമനപ്പേരിട്ട് വിളിച്ച് മൃഗങ്ങളെ ആക്ഷേപിക്കുന്നതും ശരിയല്ല. കാരണം ഇത്തരം മനുഷ്യർ ചെയ്യുന്ന അതിക്രൂരതകൾ വന്യമൃഗങ്ങൾ പോലും ചെയ്യാറില്ല.

യഥാർഥ ജ്ഞാനത്തിൽനിന്നുള്ള യാഥാർഥ്യബോധമാണ് ജീവൻ കൊണ്ട് അർഥമാക്കുന്നത്. സത്യാസത്യങ്ങളെയും നന്മ തിന്മകളെയും സന്മാർഗ ദുർമാർഗങ്ങളെയും സംബന്ധിച്ച് ബോധമുള്ളവനാരോ അവനാണ് യഥാർഥത്തിൽ ജീവനുള്ള മനുഷ്യൻ. അതായത് മനുഷ്യത്വബോധമുള്ളവരും നിരവധി വക്രമാർഗങ്ങൾക്കിടയിൽ വിജ്ഞാനമാകുന്ന വെളിച്ചത്തിന്റെ സഹായത്തോടെ സത്യ പാന്ഥാവിനെ വേർതിരിച്ചുകാണുന്നവരുമായ മനുഷ്യർ, കേവലം അബോധവാന്മാരും അജ്ഞതയുടെ കൂരിരുട്ടുകളിൽ തപ്പിത്തടയുന്നവരുമായ ആളുകളെപ്പോലെ അപഥസഞ്ചാരികളാവുമെന്ന് പ്രതീക്ഷിക്കുക വയ്യ.

ഒരു ജനതയുടെ മുമ്പിൽ വെളിച്ചം കാണിക്കപ്പെട്ടിട്ടും അവരത് കാണാൻ കൂട്ടാക്കിയില്ല. അവർ ശരിയായ സരണിയിലേക്ക് ക്ഷണിക്കപ്പെട്ടു; പക്ഷേ, അവർ ദുർമാർഗവഴിയോരത്ത് നടക്കാൻ ശഠിച്ചു. ഇത്തരക്കാരെ സംബന്ധിച്ച് ദൈവത്തിനൊരു പ്രകൃതിനിയമമുണ്ട്. അവർക്ക് അന്ധകാരംതന്നെ നല്ലതായി തോന്നുകയും അന്ധന്മാരെപ്പോലെ കാലിടറി അപായ ഗർത്തത്തിൽ ആ പതിക്കുകയും ചെയ്യുകയെന്നതാണത്. അവർക്ക് നല്ലതും തിയ്യതും വേണ്ടതും വേണ്ടാത്തതും കതിരും പതിരും വകതിരിക്കാൻ സാധിക്കുകയില്ല. അതിനാൽ എല്ലാ ചീത്ത പ്രവൃത്തികളെയും വൃത്തിയുള്ളതായി വിചാരിക്കും. ഏത് നീച കർമത്തിലും അവർക്ക് ആസ്വാദ്യത അനുഭവപ്പെടും. ഏത് വിഡ്ഢിത്തവും അവർക്ക് ശാസ്ത്രീയ നിഗമനമായി തോന്നും. ഓരോ നാശകരമായ പരീക്ഷണവും കഴിയുമ്പോൾ കൂടുതൽ നാശകരമായ മറ്റു പരീക്ഷണങ്ങൾക്കവർ സന്നദ്ധരാവും – തങ്ങൾക്കൊരിക്കൽ എന്തോ കാരണത്താൽ അബദ്ധം പിണഞ്ഞതാണെന്നും ഇനി സുബദ്ധത്തിൽ എത്തിച്ചേരുമെന്നുമുള്ള പ്രതീക്ഷയോടെ. തുച്ഛലാഭത്തിന്റെ മരീചികയിൽ ആകൃഷ്ടരായി മോഹഭൂമിയിൽ എടുത്തുചാട്ടം നടത്തുന്നു ഇക്കൂട്ടർ. അവരുടെ പതനം പുലർന്നുകൊണ്ടിരിക്കുന്നത് കാലാകാലങ്ങളിലെ ലോകവും ലോകരും കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുന്നു. ജീവിച്ചിരുന്നവർക്കും ജീവിക്കുന്നവർക്കും പിൻഗാമികൾക്കും ഇവരുടെ ജീവിത ചരിത്രം വഴികാട്ടിയാവേണ്ടതാണ്.

സത്യനിഷേധമെന്നാൽ അതൊരുതരം മരണമാകുന്നു. നശിക്കാത്തതും ജീർണിക്കാത്തതും അവസാനിക്കാത്തതുമായ ശാശ്വത ജീവിതത്തിൽനിന്നുള്ള വിരാമമമാകുന്നു. സത്യനിഷേധം ഇടുക്കവും പാരുഷ്യവുമാണ്. സുഗമവും സ്വാഭാവികവുമായ വഴിയരികിൽനിന്നുള്ള വിരണ്ടോട്ടവുമാകുന്നു. സമാധാനത്തിന്റെ മടിത്തട്ടിൽ തലചായ്ക്കുന്നതിൽനിന്നുള്ള പിന്മാറ്റവുമാണ്. അതിനാലത് ആയാസവും അസ്വാസ്ഥ്യവുമാണ്. ഇതു തന്നെയാണ് മരണം. ഈ പ്രപഞ്ചത്തിന്റെ മണ്ണിൽ വേരുകളോ ബന്ധങ്ങളോ ഇല്ലാത്ത ഒരു പാഴ്ച്ചെടി മാത്രമാണ് സത്യനിഷേധി. പ്രപഞ്ചവുമായും സ്രഷ്ടാവുമായുമുള്ള ബന്ധങ്ങളറ്റ വ്യക്തിയാണവൻ. പരിമിതികളുള്ള തന്റെ വൈയക്തികാസ്തിത്വത്തിലെ നിസ്സാര പാശങ്ങൾ മാത്രമാണ് ഈ ലോകവുമായി അവനെ ബന്ധിപ്പിക്കുന്നത്. ഏറ്റവും ഇടുങ്ങിയ പരിധികൾക്കുള്ളിൽ; അതായത് മൃഗങ്ങൾ ജീവിക്കുന്ന, പ്രപഞ്ചത്തിന്റെ ബാഹ്യവശം മാത്രം കാണുന്ന ഇന്ദ്രിയങ്ങളുടെ പരിധികൾക്കുള്ളിൽ നടമാടുന്നവൻ! ചരിത്രത്തിന്റെ ചുമരുകളിൽ നമ്മൾ കണ്ടിട്ടുള്ള അക്രമികളായ ഭരണകർത്താക്കളും നാടുവാഴികളും പിൻതലമുറകളാൽ സ്മരിക്കപ്പെടാതെയോ ആദരിക്കപ്പെടാതെയോ കുറ്റിയറ്റവരായി കഴിഞ്ഞുപോയിട്ടുണ്ട്. ചരിത്രത്തിന്റെ അവസാനം കുറിച്ചിട്ടില്ല. ഇന്നത്തെ ലോക ചട്ടമ്പികളുടെ സ്ഥിതിയും അതുതന്നെ; യാതൊരു സംശയവും വേവലാതികളും അക്കാര്യത്തിൽ വേണ്ടതില്ല.

ഇവിടെ സത്യനിഷേധവും അന്ധകാരവും നിർജീവതയും സമ്മേളിച്ച് അലങ്കരിക്കപ്പെട്ടിരിക്കുകയാണ്! പ്രാഥമികമായി ഈ അലങ്കാരം ദൈവഹിതത്തിന്റെ സൃഷ്ടിയാണ്. വെളിച്ചത്തെ സ്നേഹിക്കാൻ മാത്രമല്ല ഇരുട്ടിനെ സ്നേഹിക്കാനുമുള്ള ഇരട്ട സന്നദ്ധത മനുഷ്യപ്രകൃതിയിൽ നിക്ഷേപിച്ചിരിക്കുകയാണ് ദൈവം. 'അവന് നാം സത്യവഴി കാണിച്ചുകൊടുക്കുന്നു. അത് സ്വീകരിച്ചുകൊണ്ട് നന്ദിയുള്ളവനാകാം, അതല്ല

നിരസിച്ചുകൊണ്ട് സത്യനിഷേധിയുമാകാം' (ഖുർആൻ: 76:3). ഇരുട്ടോ വെളിച്ചമോ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം നൽകി മനുഷ്യനെ പരീക്ഷിക്കുകയാണ്. അന്ധകാരത്തിലേക്കാണ് ആകൃഷ്ടനാകുന്നതെങ്കിൽ അതവന് അലങ്കാരമാക്കി തോന്നിപ്പിക്കുന്നു. അങ്ങനെ പുറത്ത് കടക്കാനാവാത്ത വിധം ദുർമാർഗത്തിൽ അവൻ വിഹരിക്കും. അലങ്കാര വാക്കുകൾ പറഞ്ഞ് സത്യനിഷേധികൾക്ക് അവരുടെ പ്രവൃത്തികളെ മനോഹരമാക്കി കാണിച്ചുകൊടുക്കുന്ന മനുഷ്യരിലും ജിന്നുകളിലും പെട്ട പിശാചുക്കളും ഉണ്ടല്ലോ ഇവിടെ: "മനുഷ്യമനസ്സുകളിൽ നിരന്തരം ദുർബോധനം ചെയ്യുന്ന മനുഷ്യരിലും ജിന്നുകളിലും പെട്ട ദുർബോധകർ" (ഖുർആൻ: 114:5-6). വിശ്വാസവും വെളിച്ചവും ജീവനും നഷ്ടപ്പെട്ട ഹൃദയം ഇരുട്ടിൽ അവരുടെ ദുർമന്ത്രണങ്ങൾ ശ്രവിക്കും. അഗാധമായ ആ അന്ധകാരത്തിൽ അവരുടെ ഹൃദയത്തിന് സന്മാർഗവും ദുർമാർഗവും വിവേചിച്ചറിയാൻ സാധിക്കുകയില്ല. ഇങ്ങനെയാണ് നിഷേധികൾക്ക് അവരുടെ ചെയ്തികൾ സ്വയം അലങ്കാരമായി തോന്നിത്തുടങ്ങുക.

ആദർശമാകുന്ന വെളിച്ചമാണ് 'മരിച്ചുകിടക്കുന്ന' ഹൃദയങ്ങളിൽ ജീവൻ സൃഷ്ടിക്കുന്നത്. മനുഷ്യാത്മാക്കളിൽ സത്യവിശ്വാസം ഊതപ്പെടുകയും അങ്ങനെ അത് ചലനം കൊള്ളുകയും ചെയ്യുന്നു. അന്ധകാരങ്ങൾക്കും കരാളതകൾക്കും ശേഷം അതിൽ പ്രകാശം പരക്കുന്നു. സന്മാർഗത്തിന്റെ ജീവജലം തളിക്കപ്പെടുമ്പോൾ അവയിൽനിന്ന് വെളിച്ചം പ്രസരിക്കുന്നു. ആ വെള്ളിവെളിച്ചവുമായി മനുഷ്യർക്കിടയിലൂടെ നടക്കുന്നു. അവരിലെ ദുർമാർഗികൾക്ക് സത്യസരണി വെട്ടിത്തെളിച്ചുകൊടുക്കുന്നു. അവരിലെ ശരണാർഥികളുടെ കരം ഗ്രഹിക്കുന്നു. ഭീതിദന്റെ ഭയം അകറ്റുന്നു. അടിച്ചമർത്തപ്പെട്ടവനെ വിമോചിപ്പിക്കുന്നു: "ചങ്ങലകൾ പൊട്ടിച്ചെറിയുകയും ഭാരങ്ങൾ ഇറക്കിവെക്കുകയും ചെയ്യുന്നു" (ഖുർആൻ: 7:157). മാനുഷ്യകത്തിനു ജീവിതയാഥാർഥ്യം മനസ്സിലാക്കിക്കൊടുക്കുന്നു. അങ്ങനെ ഭൂമിയിൽ ഒരു പുതിയ മനുഷ്യന്റെ പിറവി ഉദ്ഘോഷിക്കപ്പെടുന്നു. ■